LIBRARY ARCHIVES Kerala Legislative Assembly

പെട്രോൾ പമ്പുകളിൽ നിന്ന് ലഭിക്കുന്ന പെട്രോൾ/ഡീസൽ അളവിൽ കൃത്രിമം

173(4804) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ ഉണഭോക്താക്കളെ കബളിപ്പിക്കുന്നത് സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റീഡിംഗിൽ കൃത്രിമം കാണിച്ച് പെട്രോൾ/ഡീസൽ അളവിൽ വെട്ടിപ്പ് നടത്തുന്ന പെട്രോൾ പമ്പുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പെട്രോൾ പമ്പുകളിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭിക്കുന്ന പെട്രോൾ/ഡീസൽ എന്നിവയുടെ അളവിൽ കൃത്രിമം നടക്കുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് എത്ര മാസത്തിലൊരിക്കലാണ് പമ്പുകളിൽ പരിശോധന നടത്താറുള്ളത്; ഇല്ലെങ്കിൽ ഇതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എല്ലാ മാസവും പമ്പുകൾ പരിശോധിക്കണമെന്ന നിർദ്ദേശം ലീഗൽ മെട്രോളജി വകുപ്പിലെ എല്ലാ അസിസ്റ്റന്റ് കൺട്രോളർമാർക്കും നൽകിയിട്ടുണ്ട്.

മിനി ഡി ഫൈബറിംഗ് മില്ലുകളുടെ വിതരണം

174(4805) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.എം.ആർ.ഐ. വികസിപ്പിച്ച മിനി ഡി ഫൈബറിംഗ് മില്ലുകൾ ഇതുവരെ എത്ര എണ്ണം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര യന്ത്രങ്ങൾ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ;